വനിതാ ശിശു വികസന
ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :01/07/2022
Email – icdsasection@gmail.com

## സർക്കുലർ

വിഷയം: വനിതാ ശിശുവികസന വകുപ്പ് - മികച്ച 'വർണ്ണക്കൂട്ട്' (അഡോളസെന്റ് ക്ലബ്) കണ്ടെത്തി അവാർഡ് നോമിനേഷൻ സമർപ്പിക്കുന്നത് നിർദേശങ്ങൾ നൽകുന്നത് - സർക്കുലർ -സംബന്ധിച്ച്

സൂചന: സ.ഉ.(സാധാ)നം. 215/2022/വശിവിവ. തീയതി: 19/05/2022

അങ്കണവാടികളോടനുബന്ധിച്ച പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി അവയെ 'വർണ്ണക്കൂട്ട്' എന്ന് പുനർനാമകരണം ചെയ്തു, കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാരീരികവും , മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. ഇപ്രകാരം മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്ന വർണ്ണക്കൂട്ടുകളെ കണ്ടെത്തി 2022-23 സാമ്പത്തിക വർഷം ICDS പ്രോജക്ട് / ജില്ലാ തലങ്ങളിൽ യഥാക്രമം 1250 രൂപ, 5000 രൂപ ക്രമത്തിൽ അവാർഡ് നല്കുന്നതിലെയ്ക്ക് പരാമർശ പ്രകാരം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ക്ലബ്ബുകളിലെ കുട്ടികൾക്കുള്ള പോഷകാഹാര വിതരണം , ആരോഗ്യ പോഷണ വിദ്യാഭ്യാസം, ജീവിത നൈപുണ്യ വിദ്യാഭ്യാസം , നിയമ സാക്ഷരത, സ്കിൽ ഡവലപ്മെന്റ്, വകുപ്പിലെ നിർദേശങ്ങളിന്മേലുള്ള പ്രവർത്തനങ്ങൾ , മറ്റു വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം എന്നിവയിൽ ഊന്നൽ നല്കികൊണ്ടായിരിക്കും ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നത്.

ഇത്തരത്തിൽ മികച്ച വർണ്ണക്കൂട്ടുകൾ കണ്ടെത്തുന്നതിനായി വിശദമായ മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഇപ്രകാരം മികച്ച വർണ്ണക്കൂട്ട് വിലയിരുത്തുന്നതിനായി പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപറേഷൻ തലത്തിലും, പ്രോജക്ട് തലത്തിലും, ജില്ലാതലത്തിലും, ചുവടെ ചേർക്കുന്ന രീതിയിൽ അവാർഡ് നിർണ്ണയ കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.

<u>പഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലം</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

<u>പ്രോജക്ട് തലം</u>

1. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/മുൻസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ - ചെയർമാൻ
2. മെഡിക്കൽ ഓഫീസർ -CHC/ PHC - അംഗം
3. ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ - അംഗങ്ങൾ
4. ശിശു വികസന പദ്ധതി ഓഫീസർമാർ - കൺവീനർ

ജില്ലാ തലം

1. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് - ചെയർപേഴ്സൺ
2. നഗരസഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ (ആസ്ഥാന നഗരസഭ) - അംഗം
3. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - അംഗം
4. അസി. ഡെവലപ്പ്മെന്റ് കമ്മീഷണർ - അംഗം
5. ജില്ലാ മെഡിക്കൽ ഓഫീസർ - അംഗം
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ - അംഗം
7. ജില്ലാ വനിതാ ശിശുവികസന ഓഫീസർ - അംഗം
8. പ്രോഗ്രാം ഓഫീസർ - കൺവീനർ

അവാർഡിനായുള്ള നോമിനെഷൻസ് അതാത് അങ്കണവാടിയിൽ നിന്നും സൂപ്പർവൈസർ ശുപാർശ ചെയ്ത പഞ്ചായത്ത് /മുൻസിപാലിറ്റി/കോർപ്പറേഷൻ ക്ഷേമകാര്യസമിതി ശുപാർശ ഉൾപ്പെടെ CDPO യ്ക്ക് സമർപ്പിക്കേണ്ടതാണ്. CDPO, ലഭ്യമായ അപേക്ഷകൾ പ്രോജക്ട് തല കമ്മിറ്റിയിൽ ചർച്ച ചെയ്ത് പ്രോജക്ട് തലത്തിൽ മികച്ചത് തെരഞ്ഞെടുക്കേണ്ടതാണ്.

പ്രോജക്ട്തല അവാർഡ് കമ്മിറ്റിയിൽ അവാർഡിനായി നോമിനേറ്റ് ചെയ്യുന്ന അങ്കണവാടിയുടെ വിശദാംശം കമ്മിറ്റിയുടെ മിനിട്സ് സഹിതം പ്രോഗ്രാം ഓഫീസർക്ക് **2023 ജനുവരി 25** നകം സമർപ്പിക്കേണ്ടതാണ്.

പ്രസ്തുത നോമിനേഷനുകൾ ജില്ലാ കമ്മിറ്റി പരിശോധിച്ച് ജില്ലാതല അവാർഡിനായി തെരഞ്ഞെടുത്ത വർണ്ണക്കൂട്ടിന്റെ ഗ്രേഡിംഗ് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ, ജില്ലാതല കമ്മിറ്റിയുടെ മിനിട്ട്സ് , മാനദണ്ഡ പട്ടിക , പ്രോഗ്രാം ഓഫീസറുടെ ശുപാർശ എന്നിവ സഹിതം 2023 **ഫെബ്രുവരി 10 ന്** മുൻപായി വനിത ശിശു വികസന ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

സമയ പരിധി കഴിഞ്ഞ് ലഭിക്കുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഇക്കാര്യത്തിൽ ജില്ലാതലത്തിൽ വ്യക്തമായ അറിയിപ്പ് നൽകേണ്ടതാണ്.

2022 ജനുവരി മുതൽ ഡിസംബർ വരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ക്ലബ്ബിനെ തെരഞ്ഞെടുക്കേണ്ടത് . മികച്ച വർണ്ണക്കൂട്ടിനെ തെരഞ്ഞെടുക്കുന്നതിന് നിശ്ചിത പ്രൊഫോർമയിലുള്ള ജില്ലാതല അവാർഡ് **പരിഗണനയ്ക്കുള്ള മാനദണ്ഡ പട്ടിക അനുബന്ധമായി ചേർക്കുന്നു.**

വനിതാ ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും
എല്ലാ ജില്ലാതല പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

Signature valid

Digitally signed by Priyanka G
Date: 2022.07.01 10:52:04 IST
Reason: Approved

**മികച്ച വർണ്ണക്കൂട്ട് തെരഞ്ഞെടുക്കുന്നതിനുള്ള ചെക്ക് ലിസ്റ്റ്**

**(പ്രവർത്തന മികവിനനുസരിച്ച മാർക്ക് നൽകാവുന്നതാണ്).**

1 . വർണ്ണക്കൂട്ട് അംഗങ്ങളുടെ എണ്ണം

| പ്രായം | ആൺ | പെൺ | ട്രാൻസ് ജന്റർ |
|---|---|---|---|
| 10-13 | | | |
| 14-19 | | | |

(1-10 - 1 മാർക്ക്, 10 ന് മുകളിൽ - 2 മാർക്ക്, 20 ന് മുകളിൽ - 3 മാർക്ക്,)

2. അംഗത്വത്തിന്റെ തോത് (Rate of enrolement)

ആകെ കൗമാരക്കാരുടെ 10% ത്തിൽ താഴെ - 1 മാർക്ക്

ആകെ കൗമാരക്കാരുടെ 25% വരെ - 2 മാർക്ക്

ആകെ കൗമാരക്കാരുടെ 25% ത്തിനു മുകളിൽ - 3 മാർക്ക്

3. വകുപ്പിൽ നിന്നുള്ള നിർദേശ പ്രകാരമല്ലാതെ, കുട്ടികളുടെ ആവശ്യപ്രകാരം മറ്റ് വിഷയങ്ങളിൽ ക്ലാസുകൾ നടത്താറുണ്ടോ?

(ഉണ്ട് - 1 ഇല്ല - 0)

4. അങ്കണവാടിയുടെ സ്പെഷ്യൽ ആക്റ്റിവിറ്റികളിൽ വർണ്ണക്കൂട്ട് അംഗങ്ങളുടെ പങ്കാളിത്തം ഉണ്ടോ?

(ഉണ്ട് - 1 , ഇല്ല - 0, മികച്ചത് - 2)

ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളിൽ ഇവർ പങ്കെടുക്കുന്നുണ്ട്

1.

2.

5. കൗമാരക്ലബ്ബുകളുടെ നേതൃത്വത്തിൽ അങ്കണവാടിയിലോ അങ്കണവാടി ഏരിയയിലോ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ?

(ഉണ്ട് - 1 , ഇല്ല - 0)

6. കൗമാര ക്ലബ്ബുകളിൽ ഭിന്നശേഷി സാന്നിധ്യം ഉറപ്പാക്കിയിട്ടുണ്ടോ.?

(ഉണ്ട് - 1 , ഇല്ല - 0 )

7. വർണ്ണക്കൂട്ട് അംഗങ്ങൾക്കായി port folio സൂക്ഷിക്കുന്നുണ്ടോ?

(ഉണ്ട് - 1 , ഇല്ല - 0 )

8. വർണ്ണക്കൂട്ടിലെ അംഗങ്ങൾ, ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികളുടെ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുകയോ ഇടപെടൽ നടത്തുകയോ ചെയ്തിട്ടുണ്ടോ?
(ഇല്ല - 0 , ഉണ്ട് - 1)

9. കൗമാര ക്ലബ് പരിപാടികളിൽ ഉദ്യോഗസ്ഥരുടെ സാന്നിധ്യം
(ജില്ലാ മേധാവികളുടെ സാന്നിധ്യം - 3, CDPO സാന്നിധ്യം - 2
സൂപ്പർവൈസർ/LSGD - 1, Nobody - 0)

10. അഡോളസെന്റ് മീറ്റിംഗുകൾ നടത്താൻ പ്രത്യേക മുറി ഉണ്ടോ ?
( ഇല്ല - 0, ഉണ്ട് - 1)

11. കൗമാരക്കുട്ടികൾക്കായി പുസ്തക ശേഖരം ഉണ്ടോ?
(ഇല്ല - 0 , ഉണ്ട് - 1, മികച്ചത് - 2 )

12. പുസ്തക വിതരണ രജിസ്റ്റർ (ഇല്ല - 0, ഉണ്ട് - 1 )

13. അംഗങ്ങൾ വായിച്ചിട്ടുള്ള ബുക്ക് റിവ്യൂ എഴുതി അങ്കണവാടിയിൽ സൂക്ഷിച്ചിട്ടുണ്ടോ?
(ഇല്ല - 0, ഉണ്ട് - 1 )

14. താഴെ പറയുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളിൽ അംഗങ്ങളുടെ ഇടപെടൽ
1. Peer support class 2. വയോജന പരിപാലനം3. ശ്രമദാനം 4. ജൈവകൃഷി etc

(ഒന്നുമില്ല - 0 , ഒന്നോ രണ്ടോ പ്രവർത്തനങ്ങളിൽ പങ്കാളിത്തം - 1 , മൂന്നോ അതിലധികമോ പ്രവർത്തനങ്ങൾ -2 , നാലോ അതിലധികമോ പ്രവർത്തനങ്ങൾ - 3 )

15. അങ്കണവാടികളിലെ ജൈവകൃഷിയിൽ AG club ന്റെ പങ്കാളിത്തം ഉണ്ടോ :
(ഇല്ല - 0 , ഉണ്ട് - 1 , മികച്ചത് - 2 )

16. കലാ - കായിക ശേഷി വികസനത്തിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോ? 1 .Dance 2. Gym 3. Swimming 4. Skipping 5. Shuttle 6. Basket Ball 7 . Cricket 8. Football 9. Cycling 10. Skating 11. Others (ഒന്നുമില്ല - 0 മാർക്ക്, ഒന്നോ രണ്ടോ പ്രവർത്തനങ്ങളിൽ പങ്കാളിത്തം - 1 മാർക്ക്, മൂന്നോ അതിലധികമോ പ്രവർത്തനങ്ങൾ -2 മാർക്ക്)

17. Fine motor വികാസ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോ 1. Chess 2. Embroidery 3. table top games 4. Craft 5. Others
(ഒന്നുമില്ല - 0 , ഒന്നോ രണ്ടോ പ്രവർത്തനങ്ങൾ - 1 , മൂന്നോ അതിലധികമോ പ്രവർത്തനങ്ങൾ -2 )

18. സർഗ്ഗശേഷി വികാസ പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോ?
1. സംഗീതം 2. നൃത്തം 3.ചിത്രകല 4. എഴുത്ത് 5. വായന 6. debate 7.ഗ്രൂപ്പ് ചർച്ചകൾ etc
(ഒന്നുമില്ല - 0 , ഒന്നു മുതൽ മൂന്നു വരെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം - 1
മൂന്നിലധികം പ്രവർത്തനങ്ങൾ -2)

19. കൗമാര ക്ലബുകളുടെ initiative ൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ (നിലവിൽ വകുപ്പ് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾക്ക് പുറമേയുള്ള പ്രവർത്തനങ്ങൾ )
1. ആരോഗ്യ വകുപ്പ് 2. Police 3. നിയമം 4. Excise 5. കൃഷി 6. Food Security 7. സൈക്കോസോഷ്യൽ സർവ്വീസ് 8.മറ്റു വകുപ്പുകൾ
(ഒന്നുമില്ല - 0 , ഒന്നു മുതൽ മൂന്നു വരെ പ്രവർത്തനങ്ങളിൽ പങ്കാളിത്തം - 1 ,
മൂന്നിലധികം പ്രവർത്തനങ്ങൾ -2 )

20. കൗമാരക്കുട്ടികൾക്ക് അനുപൂരക പോഷകാഹാര വിതരണം നടത്തുന്നുണ്ടോ:
(ഇല്ല - 0 , ഉണ്ട് - 1)

21. ക്ലബിന്റെ വേറിട്ട പ്രവർത്തനങ്ങൾ
പുസ്തകശേഖരണം /കൈയ്യെഴുത്ത് മാസിക/കലോൽസവം etc
(ഇല്ല - 0, ഉണ്ട് - 1, മികച്ചത് - 2 )

22. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം.

പ്ലാസ്റ്റിക് നിരോധന പ്രവർത്തനങ്ങൾ/പരിസരം വൃത്തിയാക്കൽ /വൃക്ഷത്തൈ നടീൽ etc
(ഇല്ല - 0, ഉണ്ട് - 1, മികച്ചത് - 2 )

Signature valid

Digitally signed by Priyanka G
Date: 2022.07.01 10:47:16 IST
Reason: Approved